**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 85** **01-02-2023 - ൽ മറുപടിയ്ക്ക്**

**പ്രവാസികൾക്കായുള്ള സഹായ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . മഞ്ഞളാംകുഴി അലി | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | വിദേശത്ത് വച്ച് മരണപ്പെടുന്ന പ്രവാസികളുടെ മൃതശരീരം നാട്ടിലേയ്ക്ക് എത്തിയ്ക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ച് വരുന്നുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | **വിദേശ രാജ്യങ്ങളിൽ മരണമടയുന്ന പ്രവാസി മലയാളികളുടെ ഭൗതികശരീരം നാട്ടിലെത്തിക്കുന്നതിനായി സംസ്ഥാന സർക്കാർ നോർക്ക അസിസ്റ്റഡ് ബോഡി റീപാട്രിയേഷൻ ഫണ്ട് എന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. ഗൾഫ് രാജ്യങ്ങളിൽ മരണമടയുന്ന പ്രവാസി മലയാളികളുടെ ഭൗതികശരീരം തൊഴിൽദാതാവോ, സ്പോൺസറോ, എംബസ്സിയോ വഴി നാട്ടിലെത്തിക്കാത്ത സാഹചര്യങ്ങളിൽ നോർക്ക അസിസ്റ്റഡ് ബോഡി റീപാട്രിയേഷൻ പദ്ധതി വഴി ഭൗതികശരീരം നാട്ടിൽ കൊണ്ടു വരുകയോ അല്ലെങ്കിൽ കാർഗോയിനത്തിൽ ചെലവായ തുക നോർക്ക റൂട്ട്സ് നേരിട്ട് നൽകുകയോ, പ്രവാസിയുടെ കുടുംബത്തിന് തിരികെ നൽകുകയോ ചെയ്തു വരുന്നു. ഇതിനായി യു.എ.ഇ -യിൽ നിന്നും ഭൗതികശരീരം കൊണ്ടുവരുന്നതിനായി വിമാന കമ്പനികളായ എമിറേറ്റ്സും എയർ അറേബ്യയുമായി കരാറിൽ ഏർപ്പെടുന്നതിനുള്ള നടപടികൾ അവസാനഘട്ടത്തിലാണ്.** |
| (ബി) | കഴിഞ്ഞ സർക്കാരിന്റെ കാലത്തും ഈ സർക്കാരിന്റെ കാലത്തും ഇത്തരത്തിലുള്ള എത്ര മൃതശരീരങ്ങൾ നാട്ടിലെത്തിയ്ക്കുന്നതിന് നടപടി സ്വീകരിച്ചെന്നും ഇതിനായി ചെലവഴിച്ച തുക എത്രയെന്നും വ്യക്തമാക്കുമോ; | (ബി) | പ്രസ്തുത പദ്ധതി വഴി വിദേശത്ത് നിന്നും എട്ട് ഭൗതികശരീരങ്ങളും കേരളത്തിന് പുറത്ത് മറ്റ് സംസ്ഥാനത്തിൽ നിന്ന് നാല് ഭൗതികശരീരങ്ങളും കേരളത്തിൽ എത്തിച്ചു. ടി ഇനത്തിൽ 4,88,714/- രൂപ ചെലവഴിച്ചു. |
| (സി) | വിദേശത്ത് വച്ച് അപകടങ്ങളിൽ ഗുരുതരമായി പരുക്കേറ്റവരെ നാട്ടിലെത്തിക്കുന്നതിനായി സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; എങ്കിൽ എത്ര കേസുകളിൽ ഇത്തരം സഹായം ഉറപ്പു വരുത്തിയെന്നും ഇതിനായി ആകെ ചെലവഴിച്ച തുക എത്രയെന്നും അറിയിക്കുമോ; വിശദാംശം ലഭ്യമാക്കുമോ; | (സി) | വിദേശത്ത് വച്ച് അപകടങ്ങളിൽ ഗുരുതരമായി പരിക്കേറ്റവരെ നാട്ടിലെത്തിക്കുന്നതിന് നടപടികൾ അതത് രാജ്യങ്ങളിലെ ഇന്ത്യൻ എംബസ്സിയാണ് സ്വീകരിക്കുന്നത്. നാട്ടിലെത്തിക്കുന്നതിന് ഇന്ത്യൻ എംബസ്സികൾ വഴി നോർക്ക വകുപ്പ് ഫലപ്രദമായ ഇടപെടലുകൾ നടത്തിവരുന്നു. ആയതിനാൽ ടി ഇനത്തിൽ തുക ചെലവഴിച്ചിട്ടില്ല. |

| | | | |
|---|---|---|---|
| (ഡി) | വിവിധ വിദേശ രാജ്യങ്ങളിൽ ജയിലുകളിൽ കഴിയുന്ന മലയാളികളുടെ എണ്ണം സംബന്ധിച്ച കണക്കുകൾ ലഭ്യമാക്കുമോ; ഇവർക്ക് ഏതെങ്കിലും തരത്തിലുള്ള നിയമസഹായമോ മറ്റ് സഹായങ്ങളോ ലഭ്യമാക്കിയിട്ടുണ്ടോ; വിശദമാക്കുമോ; പ്രസ്തുത ഇനത്തിൽ കഴിഞ്ഞ സർക്കാരിന്റെയും ഈ സർക്കാരിന്റെയും കാലത്ത് ചെലവഴിച്ചിട്ടുള്ള തുക എത്രയെന്ന് വിശദമാക്കുമോ? | (ഡി) | വിദേശരാജ്യങ്ങളിൽ ജയിലുകളിൽ കഴിയുന്ന മലയാളികളുടെ എണ്ണം സംബന്ധിച്ച കണക്കുകൾ നോർക്ക വകുപ്പിൽ ലഭ്യമല്ല. മലയാളികളുടേത് മാത്രമായ വിവരങ്ങൾ ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല എന്ന വിവരമാണ് എംബസികൾ നൽകിവരുന്നത്. വിദേശ രാജ്യങ്ങളിലെ നിയമത്തെക്കുറിച്ചുള്ള അജ്ഞത മൂലം അന്യ നാട്ടിലുണ്ടാകുന്ന കോടതി വ്യവഹാരങ്ങളിലും മറ്റ് നിയമ കുരുക്കുകളിലും ഉൾപ്പെട്ട് യാതൊരുവിധ നിയമസഹായവും ലഭിക്കാതെ വിഷമിക്കുന്ന നിസ്സഹായരായ പ്രവാസികൾക്ക് കേസുകളിന്മേൽ നിയമോപദേശം നൽകുക, നഷ്ടപരിഹാരം നേടുന്നതിനും/ദയാഹർജികൾ തയ്യാറാക്കുന്നതിനും സഹായിക്കുക, നിയമ ബോധവത്ക്കരണ പരിപാടികൾ മലയാളി സാംസ്കാരിക സംഘടനകളുമായി ചേർന്ന് സംഘടിപ്പിക്കുക, വിവിധ ഭാഷകളിൽ രേഖകളുടെ തർജ്ജിമ നടത്തുന്നതിന് വിദഗ്ധരുടെ സഹായം ലഭ്യമാക്കുക, എന്നിവയ്ക്ക് വേണ്ടി ആവിഷ്ക്കരിച്ചുവരുന്ന പദ്ധതിയാണ് പ്രവാസി നിയമ സഹായ സെൽ.<br><br>നാളിതുവരെ 188 അപേക്ഷകൾ നിയമ സഹായ സെൽ പദ്ധതിയിൻ കീഴിൽ പരിഗണിച്ചിട്ടുണ്ട്. ആയതിൽ 24 -ഓളം കേസുകൾ ജയിലിൽ അകപ്പെട്ട പ്രവാസികളുടേതുമായിരുന്നു. 2018-2021 കാലഘട്ടത്തിൽ 35,62,312/- രൂപയാണ് (മുപ്പത്തിയഞ്ച് ലക്ഷത്തി അറുപത്തിരണ്ടായിരത്തി മുന്നൂറ്റി പന്ത്രണ്ട് രൂപ മാത്രം) പ്രവാസി നിയമ സഹായ സെൽ പദ്ധതിയിലൂടെ ചെലവഴിച്ചിട്ടുള്ളത്. 2021-2022 മുതൽ നാളിതുവരെ 35,88,401/- രൂപ (മുപ്പത്തിയഞ്ച് ലക്ഷത്തി എൺപത്തിയെട്ടായിരത്തി നാന്നൂറ്റിയൊന്ന് രൂപ മാത്രം) ഈ പദ്ധതിയിൻ കീഴിൽ ചെലവഴിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ